നം.4454/ഇ1/2018/കെ.എസ്.എച്ച്.ഒ 17/07/2019

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) - അട്ടപ്പാടി ആദിവാസി വികസന പദ്ധതിയിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ഒഴിവ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനും പട്ടിക തയ്യാറാക്കുന്നതിനുമായി യോഗ്യരായ കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

കുടുംബശ്രീ പാലക്കാട് ജില്ലയിലെ **അട്ടപ്പാടി ആദിവാസി വികസന പദ്ധതിയിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ തസ്തികയിലേയ്ക്കാണ് നിയമനം**. യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

**അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ**

**ഒഴിവ് : 1 (പാലക്കാട്)**

**ശമ്പള സ്കെയിൽ :** 45800-87000 (പുതുക്കിയത്)

**യോഗ്യത**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- സംഘാടന പാടവവും, ദാരിദ്ര്യ നിർമ്മാർജ്ജന-തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുന്ന പ്രവർത്തന മേഖലകളിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം.
- കൃഷി, ഗ്രാമവികസന/ സാമൂഹികക്ഷേമ/പട്ടികജാതി-പട്ടികവർഗ്ഗ വികസന/ മത്സ്യ ബന്ധന വകുപ്പുകളിലെ ഓഫീസർമാർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- സാമൂഹിക വിഷയങ്ങളിലെ ബിരുദാനന്തര ബിരുദം (എം.എസ്.ഡബ്ല്യൂ) എം.എ സോഷ്യോളജി തുടങ്ങിയവ) അഭികാമ്യം.
- എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

**പ്രധാന തീയതികൾ**

1. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **05/08/2019 വൈകുന്നേരം 5.00 മണി**
2. എഴുത്തുപരീക്ഷയും ഇന്റർവ്യൂവും : **08/08/2019 രാവിലെ 10.00 മണി മുതൽ സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ ഓഫീസിൽ വച്ച് നടത്തുന്നതാണ്.**

**(ഇന്റർവ്യൂവിനായി പ്രത്യേകം കത്ത് നൽകുന്നതല്ല)**

കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ